**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1895** | **12-09-2023 - ൽ മറുപടിയ്ക്ക്**

**കൊച്ചി സർവകലാശാല സ്കൂൾ ഓഫ് എൻജിനീയറിംഗ് ഓഫീസിലെ ആക്രമണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി സർവകലാശാല സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ഓഫീസിൽ 2023 ജൂൺ 20ന് നടന്ന ആക്രമണത്തിൽ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പരിക്ക് പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് . |
| (ബി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് നാളിതുവരെ സർവകലാശാല യാതൊരു പരാതിയും പോലീസിൽ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 2023 ജൂൺ 20-ന് തന്നെ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. |
| (സി) | പോലീസിന് പരാതി സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | കാലതാമസം ഉണ്ടായിട്ടില്ല. |
| (ഡി) | ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ പരിക്കേറ്റ സർവ്വകലാശാല ജീവനക്കാർക്ക് ചികിത്സ ചെലവ് ഉൾപ്പെടെ എന്തൊക്കെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | മെഡിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരിക്കേറ്റ ജീവനക്കാർക്ക് ഡിസെബിലിറ്റി ലീവ് അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ക്യാമ്പസിൽ സമാധാന അന്തരീക്ഷം നിലനിർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമൊ? | (ഇ) | പ്രിൻസിപ്പാളിന്റെയും SOE സ്കൂൾ കൗൺസിലിന്റെയും റിപ്പോർട്ട് പ്രകാരം കൊച്ചി സർവ്വകലാശാല സ്റ്റുഡന്റ് കോഡ് -2005 അനുശാസിക്കുന്ന ശിക്ഷണ നടപടികൾ എടുത്തിട്ടുണ്ട്. പോലീസിന്റെയും യൂണിവേഴ്സിറ്റി സെക്യൂരിറ്റിയുടെയും അധിക നിരീക്ഷണം കാമ്പസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. തുടർ അനിഷ്ട സംഭവങ്ങൾ ഒന്നും തന്നെ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ